ഉത്തരം

(എ) ഇല്ല.

(ബി) വാടക നിയന്ത്രണ നിയമം സംസ്ഥാനത്തെ 161 പഞ്ചായത്തുകളിൽ ബാധകമാക്കിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഓരോ പഞ്ചായത്ത് പ്രദേശത്തും വാടക നിയന്ത്രണ നിയമം ഏർപ്പെടുത്തണമെന്ന് അതാത് പഞ്ചായത്തുകളും തീരുമാനം എടുത്ത് ആവശ്യപ്പെടുന്ന മുറയ്ക്ക് പഞ്ചായത്തിൽ നിലവിലുള്ള വാടക നിരക്ക്, വാടക കെട്ടിടങ്ങളുടെ ലഭ്യത, പഞ്ചായത്തിന്റെ നാഗരിക സ്വഭാവം, വന്നുപോയിക്കൊണ്ടിരിക്കുന്ന ജനസംഖ്യ മുതലായ കാര്യങ്ങളുടെയടിസ്ഥാനത്തിൽ പരിശോധിച്ച് ഓരോ പഞ്ചായത്തിന്റെ കാര്യത്തിലും പ്രത്യേകം തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

ശർമ്മ എന്ന പേരിൽ അറിയപ്പെടുന്ന ശാന്തിക്കാരൻമാർ

796 [963] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് പ്രത്യേക പരിശീലനം നൽകി മുൻകാലത്ത് നിയമിച്ച 'ശർമ്മ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ശാന്തിക്കാരൻമാർ ഇപ്പോഴും ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർ എതെല്ലാം ക്ഷേത്രങ്ങളിൽ പ്രവർത്തിക്കുന്നു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രത്യേക പരിശീലനം നൽകി 'ശർമ്മ' എന്ന സ്ഥാനം നൽകിയിട്ടുള്ള ശാന്തിക്കാരൻമാർ ഇപ്പോഴും ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ശാന്തി പ്രവൃത്തി ചെയ്തു വരുന്നില്ല. ടിയാൻമാർക്ക് അവരവരുടെ യോഗ്യതയനുസരിച്ച് മറ്റ് ലാവണങ്ങളിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വടകര താലൂക്കിൽ റോഡ് മെയിന്റനൻസ് നടത്താൻ വേണ്ടി ചെലവഴിച്ച തുക

797 [964] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly